(ബി) മുട്ടക്കോഴി വളർത്തൽ പദ്ധതിക്കായി അംഗീകൃത എഗ്ഗർ നഴ്സറികളായി പ്രവർത്തിച്ചുവരുന്ന നഴ്സറികൾക്ക് സർക്കാർ കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും വകുപ്പിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും പദ്ധതികൾക്കായി വിതരണം ചെയ്യുന്നതിനുള്ള അവസരമൊരുക്കി കൊടുക്കുകയും ചെയ്യുന്നു. മൃഗാശുപത്രികളിൽനിന്ന് വാക്സിനേഷൻ അടക്കമുള്ള വെറ്ററിനറി സേവനങ്ങളും ഈ എഗ്ഗർ നഴ്സറികൾക്ക് സൗജന്യമായി നൽകിവരുന്നു. നഗരപ്രദേശത്തെ മുട്ടക്കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ എസ്.ആർ.ഇ.പി. (സ്ട്രാറ്റെജിക് റിസർച്ച് എക്സ്റ്റൻഷൻ പ്രോഗ്രാം) പദ്ധതിയിൽ ഉൾപ്പെടുത്തി നഗരത്തിൽ ഏറ്റവും അനുയോജ്യമായ കോഴിക്കൂട് ഡിസൈൻ ചെയ്ത് രണ്ടു നഗരസഭകളിലെ 200 ഗുണഭോക്താക്കൾക്ക് കോഴിയും കൂട്ടം തീറ്റയും മരുന്നും 50% സബ്സിഡി നിരക്കിൽ നൽകുന്നു. കൂടാതെ ഇന്റഗ്രേഷൻ കോഴിവളർത്തൽ പദ്ധതി, കോഴി വളർത്തൽ ഗ്രാമങ്ങൾ പദ്ധതി, കെപ്കോ ആശ്രയ പദ്ധതി, റൂറൽ ബാക്യാർഡ് പദ്ധതി, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി, കോൾ നിലങ്ങളിൽ കോഴി വളർത്തൽ, പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള കോഴി വളർത്തൽ എന്നീ പദ്ധതികളും കെപ്കോ നടപ്പിലാക്കിവരുന്നു. പൗൾട്രി വികസനത്തിനായി താഴെപ്പറയുന്ന നയങ്ങൾ കാർഷിക വികസന നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു :

29.8 നയം 216-അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന ബ്രോയിലർ കോഴിക്ക് പ്രവേശന നികുതി ഈടാക്കുകയും പ്രാദേശിക ഉല്പാദനത്തിനെ ഇതിൽ നിന്നും ഒഴിവാക്കുകയും വേണം.

29.9 നയം 217-സംസ്ഥാനത്തെ ഒരു ഇറച്ചിക്കോഴി കർഷകന് ഒരു വർഷത്തെ വിറ്റുവരവിൽ 10 ലക്ഷം രൂപ വരെയുള്ള ലുകയ്ക്ക് നികുതിയിളവ് നൽകേണ്ടതാണ്.

29.10 നയം 218-ബ്രോയിലർ കൃഷിയെ ഒരു കാർഷിക പ്രവർത്തനമായി കണക്കാക്കി, ഇതിനാവശ്യമായ വൈദ്യുതി, കാർഷിക വൈദ്യുതി നിരക്കിൽ ലഭ്യമാക്കണം.

കൃഷി നാശത്തിന് നഷ്ടപരിഹാരം

153 (1624) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ കൃഷി നശിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പു വർഷം നഷ്ട പരിഹാരത്തിനായി എത്ര അപേക്ഷകൾ അമ്പലപ്പുഴ മണ്ഡലത്തിൽ ലഭിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര എണ്ണം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ കൃഷി ഓഫീസർമാർക്ക് തിരിച്ചയച്ചിട്ടുണ്ടെന്നും, അതിന്റെ കാരണമെന്തെന്നും അറിയിക്കാമോ;

(സി) അപേക്ഷ സമർപ്പിച്ചിട്ടും കൃഷി ഓഫീസർമാർ സ്ഥലം സന്ദർശിച്ച് പരിശോധന നടത്താത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഇതുവരെ കൊടുത്തു തീർക്കാനുള്ള നഷ്ടപരിഹാര കുടിശ്ശിക എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഒക്ടോബർ, നവംബർ മാസങ്ങളിലെ മഴമൂലം അമ്പലപ്പുഴ മണ്ഡലത്തിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് അതത് സമയത്ത് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നാണ് ധനസഹായം നൽകുന്നത്. നിലവിലുള്ള ഉത്തരവ് പ്രകാരം 33 ശതമാനമോ അതിലധികമോ വിളനാശം സംഭവിക്കുന്ന സാഹചര്യത്തിൽ വിളകളെ ദീർഘകാല വിളകളായും വാർഷിക വിളകളായും തരംതിരിച്ച് അവയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് SDRF-ൽ നിന്നുള്ള ധനസഹായം കണക്കാക്കുന്നത്. ഇപ്രകാരം കണക്കാക്കുമ്പോൾ കർഷകർക്ക് മുമ്പ് ലഭിച്ചിരുന്ന ധനസഹായത്തിൽ വരുന്ന കുറവ് നികത്തുന്നതിന് ആവശ്യമായ തുക കൃഷി വകുപ്പിൽ നിന്ന് നൽകുന്നതിന് 1-4-2015 മുതൽ പ്രാബല്യത്തിൽ ഉത്തരവായിട്ടുണ്ട്.

(ബി) നടപ്പുവർഷം അമ്പലപ്പുഴ മണ്ഡലത്തിൽ നിന്ന് കൃഷിനാശത്തിന് ധനസഹായത്തിനായി 1182 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൃഷിനാശത്തിന് ധനസഹായം നൽകുന്നതിനായി കൃഷി ഓഫീസർമാർ സമർപ്പിച്ചിട്ടുള്ള ക്ലെയിമുകൾ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ തിരിച്ചയച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ 2,32,00,000 രൂപ ധനസഹായ കുടിശ്ശികയുണ്ട്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.